പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2311 | 05.12.2018 -ൽ മറുപടിക്ക്

**പ്രളയത്തിനുശേഷം സൗജന്യമായി നൽകിയ അരി**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.വി. കെ. സി. മമ്മത് കോയ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് പ്രളയത്തിനുശേഷം ദുരിതാശ്വാസത്തിന്റെ ഭാഗമായി എത്ര ആഴ്ചക്കാലം റേഷൻ കാർഡുടമകൾക്ക് സൗജന്യമായി അരി നൽകി; ഇതിനായി എത്ര ടൺ അരിയും ഭക്ഷ്യധാന്യങ്ങളും വേണ്ടിവന്നുവെന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്ത് പ്രളയ ബാധിതരായ എല്ലാ വിഭാഗം കാർഡുടമകൾക്കും 5 കിലോഗ്രാം അരി വീതം സൗജന്യമായി വിതരണം ചെയ്തിരുന്നു. ഇതു കൂടാതെ സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള എല്ലാ മാസങ്ങളിലും എല്ലാ മുൻഗണനേതര കാർഡുടമകൾക്കും 5 കിലോഗ്രാം അരി വീതം കിലോഗ്രാമിന് 1/- രൂപ നിരക്കിൽ നല്കി വരുന്നു. ഇതിനായി 2018 നവംബർ മാസം വരെ 74086.951 മെട്രിക് ടൺ അരി വേണ്ടി വന്നിട്ടുണ്ട്. |
| (ബി) പ്രളയ ദുരിതാശ്വാസത്തിന്റെ ഭാഗമായി വിതരണം ചെയ്ത അരി കേന്ദ്രത്തിൽ നിന്നും സൗജന്യമായി ലഭ്യമായതാണോ; അല്ലെങ്കിൽ ആയതിന് എന്തു തുകയാണ് കേന്ദ്രം ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കാമോ ? | (ബി) പ്രളയ ദുരിതാശ്വാസമായി കേന്ദ്ര സർക്കാർ അനുവദിച്ച 89540 മെട്രിക് ടൺ അരി വില ഈടാക്കാതെ എഫ്.സി.ഐ യിൽ നിന്നും വിട്ടുനല്കിയിട്ടുണ്ടെങ്കിലും ടി അരിയുടെ താങ്ങുവില നിരക്കിലുള്ള തുക, സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള കേന്ദ്ര ദുരിതാശ്വാസ നിധിയിൽ നിന്നോ ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള വിഹിതമുൾപ്പെടെയുള്ള മറ്റ് പദ്ധതിയിൽ നിന്നോ ക്രമീകരിക്കുന്നതാണെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**